(സി) അല്ലാത്തപക്ഷം ഈ യൂണിറ്റുകൾ വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) കായ ചികിത്സ, ബാല ചികിത്സ, ഉന്മാദ ചികിത്സ, നേത്രരോഗങ്ങൾ, മർമ്മ ചികിത്സ, ക്ഷാരസൂത്ര ചികിത്സ, പഞ്ചകർമ്മ ചികിത്സ, വിഷചികിത്സ, സ്ത്രീരോഗ ചികിത്സ എന്നീ വിഷയങ്ങളിൽ സ്പെഷ്യാലിറ്റി ചികിത്സകൾ നടത്തി വരുന്നു.

(ബി) പൂർണ്ണമായും ലഭ്യമല്ല.

(സി) പ്ളാൻ ഫണ്ട് ഉപയോഗിച്ചും കേന്ദ്ര ഗവൺമെന്റ് സഹായം ഉപയോഗിച്ചും ഈ വിഭാഗങ്ങളെ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ഫണ്ട് ഉപയോഗിച്ച് ഈ വിഭാഗങ്ങൾക്കാവശ്യമായ കിടക്കകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ആശുപത്രികളിൽ നടന്ന അക്രമപ്രവർത്തനങ്ങൾ

*11 [364] *ശ്രീ. ജി. കാർത്തികേയൻ:*

„ *എം. എം. ഹസ്സൻ:*

„ *കെ. എ. ചന്ദ്രൻ:*

„ *കെ. മോഹൻകുമാർ:*

„ *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ യഥാസമയം ചികിത്സ നൽകാതിരുന്നതു കൊണ്ടോ ആശുപത്രി അധികൃതരുടെ അനാസ്ഥകൊണ്ടോ മരണം സംഭവിച്ചുവെന്ന ആരോപണത്തിൻമേൽ ഈ വർഷം ഇതുവരെ എത്ര സർക്കാർ ആശുപത്രികളിൽ അക്രമ പ്രവർത്തനങ്ങൾ നടന്നു;

(ബി) ഗവൺമെന്റ് ആശുപത്രികളിൽ കൈക്കൂലിയും അഴിമതിയും വ്യാപകമായിത്തീർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കുവാൻ എന്തെങ്കിലും ക്രിയാത്മക നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) അപകടത്തിൽ പരിക്കേറ്റ ഒരു രോഗിക്ക് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ മതിയായ ചികിത്സ ലഭിച്ചില്ലെന്നും, മതിയായ സമയത്ത് ആംബുലൻസിന്റെ സേവനം ലഭ്യമായില്ലെന്നും ആരോപിച്ച് 25-4-2005-ൽ ഒരുസംഘം ആളുകൾ ആശുപത്രിയിൽ അക്രമ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ടി ആരോപണത്തിൻമേൽ ആരോഗ്യവകുപ്പിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ വ്യാപകമായി കൈക്കൂലിയും അഴിമതിയും നടമാടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ പ്രവർത്തിച്ചു വരുന്നു. ടി ഉദ്യോഗസ്ഥൻ ആശുപത്രികളിൽ മിന്നൽ പരിശോധന നടത്തിയും, പരാതികൾ ലഭിക്കുന്നത് അനുസരിച്ച് സ്ഥാപനങ്ങൾ സന്ദർശിച്ച് കുറ്റക്കാർക്കെതിരെ മേൽനടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ മെഡിക്കലാഫീസർമാരും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥൻമാരും ആശുപത്രികൾ സന്ദർശിച്ച് കുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നു. ഇതിനുപുറമെ പോലീസ്, വിജിലൻസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൻമേലും അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്ന രോഗങ്ങൾ വീണ്ടും വരുന്നതിനെതിരെ പ്രതിരോധ നടപടികൾ

*12 [365] *ശ്രീ. വി. കെ. ചന്ദ്രൻ:*

„ *കെ. വി. കുഞ്ഞിരാമൻ:*

„ *പിരപ്പൻകോട് മുരളി:*

„ *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും വരുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly